"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ രജിസ്ട്രാർ തസ്തികയിലേയ്ക്ക് ജില്ലാ & സെഷൻസ് ജഡ്ജിയായി വിരമിച്ച ശ്രീ.എസ്.വി.ഉണ്ണികൃഷ്ണൻ നായർക്ക് പുനർനിയമനം നൽകിയത് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥഭരണപരിഷ്കാര (എആർ 12) വകുപ്പ്

സ.ഉ.(കൈ) നം.16/2024/P&ARD      തീയതി,തിരുവനന്തപുരം, 30-08-2024

---

പരാമർശം:-

1. 13.11.2019-ലെ എസ്.ആർ.ഒ. നം.877/2019 നോട്ടിഫിക്കേഷൻ.
2. 07.06.2024-ലെ സ.ഉ.(കൈ) നം.7/2024/പി&എആർഡി.
3. 05.07.2024-ലെ ചെയർമാൻ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 2732/2020/കെഎറ്റി/അഡ്മിൻ നമ്പർ ഉത്തരവ്.
4. 10.07.2024-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാറുടെ 1101/എ1/2024/കെഎറ്റി നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ രജിസ്ട്രാർ തസ്തികയിൽ ഹയർ ജുഡീഷ്യൽ സർവ്വീസിൽ നിന്നും വിരമിച്ച ജില്ലാ & സെഷൻസ് ജഡ്ജിയെ നിയമിക്കാമെന്ന വ്യവസ്ഥയടക്കം ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റാഫ് (റിക്രൂട്ട്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾ സ് 2019 ഭേദഗതി ചെയ്യുകയുണ്ടായി.

2. പരാമർശം (1)ലെ ഖണ്ഡിക 6 ൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് റിട്ട ജില്ലാ & സെഷൻസ് ജഡ്ജിയായ ശ്രീ.എസ്.വി.ഉണ്ണികൃഷ്ണൻ നായരെ പുനർനിയമന വ്യവസ്ഥയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ രജിസ്ട്രാറായി പരാമർശം (3) പ്രകാരം ഒരു വർഷത്തേയ്ക്ക് നിയമിക്കുകയും അദ്ദേഹം 10.07.2024-ൽ പരാമർശം (4) പ്രകാരം ചുമതലയേറ്റെടുക്കുകയുമുണ്ടായി.

3. ശ്രീ.എസ്.വി.ഉണ്ണികൃഷ്ണൻ നായർ ചുമതലയേറ്റെടുത്ത തീയതിയായ 10.07.2024 മുതലുള്ള നിയമനം സാധൂകരിച്ച് നൽകണമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ രജിസ്ട്രാറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ റിട്ട. ജില്ലാ & സെഷൻസ് ജഡ്ജിയായ ശ്രീ. എസ്.വി.ഉണ്ണികൃഷ്ണൻ നായർക്ക് അദ്ദേഹം

ചുമതലയേറ്റെടുത്ത തീയതിയായ 10.07.2024 മുതലുള്ള നിയമനം സാധൂകരിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ് (05.08.2024-ലെ (e 2861344) EXP-B3/223/2024-FIN. നമ്പർ പ്രകാരം).
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.